**മെഡിക്കൽ വിദ്യാഭ്യാസ കാര്യാലയം**
തിരുവനന്തപുരം

എച്ച് 5/ 1972/2013/ഡി.എം.ഇ.
തീയതി: 29/1/2013

**<u>വിജ്ഞാപനം</u>**

വിഷയം: മെഡിക്കൽ വിദ്യാഭ്യാസ വകുപ്പ് - 2013 ലെ പൊതു സ്ഥലം മാററം - അപേക്ഷകൾ ക്ഷണിച്ചുകൊണ്ട് വിജ്ഞാപനം പുറപ്പെടുവിക്കുന്നത് - സംബന്ധിച്ച്.

മെഡിക്കൽ വിദ്യാഭ്യാസ വകുപ്പിലെ വിവിധ വിഭാഗത്തിൽപ്പെട്ട ജീവനക്കാരിൽ നിന്നും ഈ വർഷത്തെ പൊതുസ്ഥലം മാററത്തിനു പരിഗണിക്കാൻ നിർദ്ദിഷ്ട ഫാറത്തിൽ അപേക്ഷകൾ ക്ഷണിച്ചുകൊള്ളുന്നു. സ്ഥലം മാററത്തിനു വേണ്ടിയുള്ള അപേക്ഷകൾ 10/02/13 ന് മുമ്പ് അതാത് മെഡിക്കൽ/ദന്തൽ/നഴ്സിംഗ് കോളേജ് പ്രിൻസിപ്പാളിന് സമർപ്പിക്കേണ്ടതും പ്രിൻസിപ്പാൾമാർ നിർദ്ദിഷ്ട തീയതിയിൽ സമർപ്പിക്കപ്പെട്ട അപേക്ഷകൾ ഓരോ തസ്തികയും വെവ്വേറെ ആമുഖക്കുറിപ്പ് സഹിതം ഫെബ്രുവരി 15 വൈകുന്നേരം 5 മണിക്ക് മുമ്പായി മെഡിക്കൽ വിദ്യാഭ്യാസ കാര്യാലയത്തിൽ എത്തിക്കേണ്ടതുമാണ്.

ഇതുവരെ നിശ്ചിത ഫാറത്തിൽ ഹോംസ്റ്റേഷൻ സംബന്ധിച്ച ഡിക്ലറേഷൻ സമർപ്പിച്ചിട്ടില്ലാത്തവർ അതും അപേക്ഷയോടൊപ്പം സമർപ്പിക്കേണ്ടതാണ്. സ്ഥലംമാററപ്പെടാനോ, അതേ സ്റ്റേഷനിൽതന്നെ തുടരാനോ പ്രത്യേക സംരക്ഷണത്തിന് അർഹതയുള്ളവരുണ്ടെങ്കിൽ അവർ അതിനാധാരമായ രേഖകൾ അപേക്ഷയോടൊപ്പം സമർപ്പിക്കേണ്ടതാണ്. അപേക്ഷയോടൊപ്പമല്ലാതെ പിന്നീട് സമർപ്പിക്കുന്ന രേഖകൾ പരിഗണിക്കുന്നതല്ല. നേരിട്ടു സമർപ്പിക്കുന്നതും, നിർദ്ദിഷ്ട തീയതിക്കു ശേഷം സമർപ്പിക്കുന്നതുമായ അപേക്ഷകൾ യാതൊരു കാരണവശാലും പരിഗണിക്കുന്നതല്ല.

പൊതുസ്ഥലംമാററത്തിനുള്ള ഫാറം മുൻവർഷങ്ങളിലേതുപോലെ തന്നെ അതാത് പ്രിൻസിപ്പാൾമാർ വിതരണം ചെയ്യേണ്ടതാണ്.

ഡയറക്ടർ

1) പ്രിൻസിപ്പാൾ
   മെഡിക്കൽ കോളേജ്/ദന്തൽ കോളേജ്/നഴ്സിംഗ് കോളേജ്,
   തിരുവനന്തപുരം/കോട്ടയം/ആലപ്പുഴ/തൃശൂർ/കോഴിക്കോട്.
2) ഡയറക്ടർ,
   ആർ.ഐ.ഒ. തിരുവനന്തപുരം.
3) ഡയറക്ടർ,
   പബ്ലിക് റിലേഷൻസ് വകുപ്പ്, തിരുവനന്തപുരം.
4) ജൂനിയർ സൂപ്രണ്ട്,
   ഇ/എഫ്/ജി/എച്ച്/ജെ. സെക്ഷൻ. (അപേക്ഷ ലഭിച്ചാലുടൻ കരട് ട്രാൻസ്ഫർ ലിസ്റ്റ് തയ്യാറാക്കേണ്ടതാണ്. കരട് ലിസ്റ്റ് പ്രസിദ്ധീകരിക്കുന്നതിനുള്ള തീയതി അറിയിക്കുന്നതാണ്. അതു സംബന്ധിച്ച് പരാതികൾ സ്വീകരിച്ച് തുടർ നടപടികൾ സ്വീകരിക്കേണ്ടതും അതാത് എസ്റ്റാബ്ലിഷ്മെന്റ് സെക്ഷനുകളിൽ തന്നെയാണ്.)
5) അഡ്മിനിസ്ട്രേററീവ് അസിസ്റ്റന്റ്/ അഡ്മിനിസ്ട്രേററീവ് ഓഫീസർ.
6) ഡി.എം.ഇ. യുടെ സി.എ.യ് ക്ക്.
7) ജെ.ഡി.എം.ഇ. (എം & ജി) എന്നിവരുടെ സി.എ.മാർ
8) റെക്കോർഡ്സ്/നോട്ടീസ് ബോർഡ്/ഓഫീസ് കോപ്പി.